**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4754** **27.10.2016 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. യ്ക്ക് ലോകബാങ്കിൽ നിന്നും വായ്പ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**,, സി.കൃഷ്ണൻ**<br>**,, ബി.ഡി. ദേവസ്സി**<br>**,, കാരാട്ട് റസാഖ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. ആരംഭിച്ചത് എന്നാണെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. ആരംഭിച്ചത് 2002 ജൂൺ മാസത്തിലാണ്. ഒന്നാം പദ്ധതി 2010 ഡിസംബർ മാസം പൂർത്തിയാക്കി. രണ്ടാം കെ.എസ്.ടി.പി. പദ്ധതി 2013 ജൂൺ മാസം തുടങ്ങി ഇപ്പോൾ നടന്നു വരുന്നു. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളിലൂടെയുള്ള യാത്ര സുഗമമാക്കുക<br>2. വാഹനം ഉപയോഗിക്കലിന്റെ ചെലവ് ഉദ്ദേശം 20 ശതമാനം കുറയ്ക്കുക.<br>3. യാത്രാസമയം 20 ശതമാനം കുറയ്ക്കുക.<br>4. റോഡപകടനിരക്ക് 20 ശതമാനം മുതൽ 30 ശതമാനം വരെ കുറയ്ക്കുക.<br>5. റോഡുകൾ കടന്നു പോകുന്ന ഭാഗങ്ങളിലെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുക. |
| (ബി) കെ.എസ്.ടി.പി. ക്ക് ആവശ്യമായ ഫണ്ട് ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സർക്കാരും ലോകബാങ്കും ആണ് ഫണ്ട് നൽകുന്നത്. |
| (സി) ഫണ്ടുകൾ തിരിച്ചടക്കുന്നതും പലിശയും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; | (സി) ലോകബാങ്കിൽ നിന്നും വായ്പയായി എടുക്കുന്ന തുക ആദ്യ അഞ്ചു വർഷത്തെ ഗ്രെയ്സ് പീരിയഡിനു ശേഷം 15 വർഷം കൊണ്ട് പലിശ സഹിതം തിരിച്ചടയ്ക്കണം എന്നായിരുന്നു കെ.എസ്.ടി.പി. ഒന്നിലെ വ്യവസ്ഥ. കെ.എസ്. ടി.പി. രണ്ടിലെ വ്യവസ്ഥ ആദ്യ |

| | | | |
|---|---|---|---|
| | | | അഞ്ചു വർഷത്തെ ഗ്രെയ്സ് പീരിയഡിനു ശേഷം 13 വർഷം കൊണ്ട് തിരിച്ചടയ്ക്കണമെന്നാണ്. കെ.എസ്.ടി.പി. ഒന്ന് പ്രോജക്ടിന്റെ പലിശ 1.55 ശതമാനവും കെ.എസ്.ടി.പി. രണ്ട് പ്രോജക്ടിന്റെ പലിശ 1.66 ശതമാനവുമാണ്. |
| (ഡി) | കെ.എസ്.ടി.പി.യ്ക്ക് ഇതുവരെ ലോക ബാങ്കിൽ നിന്നും എത്ര കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; | (ഡി) | ഇതുവരെ ലോകബാങ്കിൽ നിന്നും കെ.എസ്.ടി.പി. യ്ക്ക് വായ്പയായി ലഭിച്ച തുക താഴെ ചേർക്കുന്നു.<br>കെ.എസ്.ടി.പി. I പദ്ധതി - 1037 കോടി രൂപ<br>കെ.എസ്.ടി.പി. II പദ്ധതി - 329.92 കോടി രൂപ |
| (ഇ) | വരും വർഷങ്ങളിൽ ലോകബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക; ഏതൊക്കെ പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും ഫണ്ടിംഗ് വ്യവസ്ഥകൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**